(സി) പദ്ധതിയുടെ ഭാഗമായ പവർ ഹൗസിനായി 4.72 ഹെക്ടർ സ്വകാര്യ ഭൂമി ആവശ്യമുണ്ട്. ഏഴ് ഉടമസ്ഥരുടെ കൈവശമുള്ള ഈ വസ്തുവിൽ ഇപ്പോൾ തമാസിക്കുന്ന ആറ് കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടതുണ്ട്.

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലെ കാലതാമസം

50 [862] ശ്രീ. സി. മോയിൻകുട്ടി:

" പി. കെ. കെ. ബാവ:

" കെ. കുട്ടി അഹമ്മദ് കുട്ടി:

" പി. കെ. അബ്ദുറബ്ബ്:

" കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധതരം തസ്തികകളിൽ നിയമനം നടത്തുന്നതിന് ആവശ്യമുള്ള ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വേണ്ടിവരുന്ന കാലതാമസം, ഒഴിവ് വരുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനും കാലതാമസം ഉണ്ടാക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാലതാമസം ഇല്ലാതാക്കാൻ ഒഴിവുകൾ കൂടുതൽ ഉണ്ടാകുന്ന വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

ഹെൽത്ത് ഇൻസ്പെക്ടർ (കണ്ണൂർ ജില്ല) റാങ്ക് ലിസ്റ്റ്

51 [863] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ കണ്ണൂർ ജില്ലയിലേക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേരെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്;

(സി) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഈ ഒഴിവുകളിലേക്ക് നിലവിലുള്ള ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly